# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/105/2018 2018 മെയ് 18

## പത്രക്കുറിപ്പ്

**പുതുക്കിയ പരീക്ഷാ സമയക്രമം**

നാലാം സെമസ്റ്റർ എം.എസ്.സി. (പി.ജി. സി.എസ്.എസ്.) പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**എം.കോം പരീക്ഷാ കേന്ദ്രം**

മെയ് 24ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.കോം (പി.ജി. സി.എസ്.എസ്.) പരീക്ഷയ്ക്ക് കവിയൂർ മഹാത്മാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്സ് & കൊമേഴ്സ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള സപ്ലിമെന്ററി വിദ്യാർത്ഥികൾ തുരുത്തിക്കാട് ബി.എ.എം. കോളേജിൽ നിന്ന് ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

**അപേക്ഷാ തീയതി**

അഞ്ചാം സെമസ്റ്റർ ബി.വോക് (2015 അഡ്മിഷൻ റഗുലർ/2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂൺ 8ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മെയ് 23 വരെയും 50 രൂപ പിഴയോടെ 24 വരെയും 500 രൂപ സൂപ്പർഫൈനോടെ 26 വരെയും സ്വീകരിക്കും.

ആറാം സെമസ്റ്റർ ബി.വോക് (2015 അഡ്മിഷൻ റഗുലർ/2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂൺ 29ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂൺ 5 വരെയും 50 രൂപ പിഴയോടെ 6 വരെയും 500 രൂപ സൂപ്പർഫൈനോടെ 8 വരെയും സ്വീകരിക്കും.

**പ്രാക്ടിക്കൽ**

അഞ്ചാം സെമസ്റ്റർ ബി.സി.എ. (സി.ബി.സി.എസ്.എസ്., 2013, 2014 & 2015 അഡ്മിഷൻ)(പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് മാത്രം) മേയ് 2018 പരീക്ഷയുടെ പ്രാക്ടിക്കൽ മെയ് 30ന് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ജൂൺ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. പ്രിന്റ് ആന്റ് ഇലക്ട്രോണിക്സ് ജേർണലിസം (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 1 വരെ അപേക്ഷിക്കാം.

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇന്ത്യൻ സൈൻ ലാംഗ്വേജിൽ 2017 ആഗസ്റ്റ് മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വേജ് (സി.എസ്.എസ്., പാർട്ട് ടൈം) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിന് മെയ് 30 വരെ അപേക്ഷിക്കാം**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോംഗ് ലേണിംഗിൽ യു.പി.എസ്.സി. സിവിൽ സർവ്വീസ് പ്രാഥമിക പരീക്ഷാ പരിശീലനത്തിന് ഈപേ സംവിധാനത്തിലൂടെ 200 രൂപ അടച്ച് മെയ് 30 വരെ ബിരുദവിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ശനി, ഞായർ, മറ്റൊഴിവ് ദിവസങ്ങളിലായാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. റിട്ട. ഡി.ജി.പി. ഡോ. അലക്സാണ്ടർ ജേക്കബാണ് ഓണററി ഡയറക്ടർ. ജൂൺ 9ന് നടത്തുന്ന അഭിരുചി എഴുത്തുപരീക്ഷയിലെ മികവിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം. വിശദമായ വിജ്ഞാപനവും അപേക്ഷാഫോമും www.mgu.ac.in, www.dllemgu.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. കൂടുതൽ

വിവരങ്ങൾക്ക് ഫോൺ: 0481 - 2731560, 2731724. ഇമെയിൽ: mgulifelong@gmail.com

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**